LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പിലെ ജീവനക്കാർക്ക് സർവ്വീസ് സംഘടന രൂപീകരിക്കുന്നതിനുള്ള നടപടിക്രമം

210 (7773) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ജീവനക്കാരെ പ്രതിനിധീകരിക്കുന്ന എത്ര സംഘടനകളാണ് നിലവിലുള്ളതെന്നും ഇതിൽ ഏതൊക്കെ സംഘടനകൾക്കാണ് സർക്കാരിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) വനം വകുപ്പിലെ ജീവനക്കാർക്ക് സർവ്വീസ് സംഘടന രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വനം വകുപ്പിൽ ഡെപ്യൂട്ടി റെയ്ഞ്ചർ തസ്തികയിലുള്ള ജീവനക്കാർ സർവ്വീസ് സംഘടന രൂപീകരിക്കുന്നതിന് വനം വകുപ്പ് മേധാവിവഴി നൽകിയ അപേക്ഷയിന്മേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി അംഗീകാരത്തിനായി ബന്ധപ്പെട്ട വകുപ്പിലേക്ക് അയച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജീവനക്കാരെ പ്രതിനിധീകരിക്കുന്ന 6 സംഘടനകൾ വനം വകുപ്പിൽ നിലവിലുണ്ട്. പ്രസ്തുത സംഘടനകളുടെ പേര് ചുവടെ ചേർക്കുന്നു :

1. കേരളാ ഫോറസ്റ്റ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ
2. കേരളാ ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് അസോസിയേഷൻ
3. കേരളാ ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ
4. അസോസിയേഷൻ ഓഫ് ഗസറ്റഡ് ഫോറസ്റ്റ് ഓഫീസേഴ്സ്, കേരള
5. കേരളാ ഫോറസ്റ്റ് റെയിഞ്ചേഴ്സ് അസോസിയേഷൻ
6. കേരളാ ഫോറസ്റ്റ് ഡ്രൈവേഴ്സ് അസോസിയേഷൻ. ഈ അസോസിയേഷന് സർക്കാരിൽനിന്നും അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) സർക്കാർ ജീവനക്കാർക്ക് സർവ്വീസ് സംഘടന രൂപീകരിക്കുന്നതിന് കേരള ഗവൺമെന്റ് സർവ്വന്റ്സ് കോണ്ടക്ട് റൂളിലെ ചട്ടം 77 (എ) പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

(സി) അപേക്ഷ വനംവകുപ്പ് മേധാവി ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.